**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3485**

**15-03-2018 - ലെ മറുപടിക്ക്**

## ആസ്തിവികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ. ടി.വി. ഇബ്രാഹിം | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) എം.എൽ.എ. മാരുടെ മണ്ഡലം ആസ്തിവികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പദ്ധതികൾ നിർദ്ദേശിക്കാൻ കഴിയുമോ; എങ്കിൽ പദ്ധതികൾ നിർദ്ദേശിക്കേണ്ടതിന്റെ നടപടി ക്രമം അറിയിക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കാമോ;<br><br>ബി) 2016-17 - ൽ കൊണ്ടോട്ടി മണ്ഡലം എം.എൽ.എ. യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഇതുവരെ വന്ന ടെൻഡർ സേവിംഗ്സിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | എം.എൽ.എ-മാരുടെ മണ്ഡല ആസ്തി വികസന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട 04.07.2017 തീയതിയിലെ സ.ഉ.(അച്ചടി) നം: 86/2017/ധന ഉത്തരവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല. ആസ്തി വികസന പദ്ധതിയിൻ കീഴിൽ സമർപ്പിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതുക്കിയ SoR അനുസരിച്ച് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ധനാനുമതിയും ഭരണാനുമതിയും നൽകി വിവിധ വകുപ്പുകൾ മുഖേനയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത്. സർക്കുലർ നം: 97/2013/ധന തീയതി 04.12.2013 പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തി പുതിയ പ്രവൃത്തികളുടെ നിർവ്വഹണം അനുവദനീയമല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ സേവിംഗ്സും ടെണ്ടർ എക്സസും ടെണ്ടർ നടപടി ക്രമങ്ങളിലെ സ്വാഭാവിക പ്രക്രിയയായതിനാലും നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തികളുടെയും അടങ്കൽ തുകയിൽ ആയത് അനുസരിച്ച് വ്യത്യാസം വരുത്തുന്നത് പ്രായോഗികമല്ലാത്തതിനാലുമാണ് ഇപ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചത്. ആയതു കൊണ്ട് തന്നെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള ടെണ്ടർ സേവിംഗ്സ് തുക ധനകാര്യ വകുപ്പിൽ സൂക്ഷിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**